(ഡി) പ്രസ്തുത ബാങ്കുകളിൽ നിന്നായി 2001-02, 2002-03, 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കർഷകർക്ക് ആകെ എത്ര തുക ലോണായി നൽകിയിട്ടുണ്ട്;

(ഇ) എന്തൊക്കെ ആവശ്യങ്ങൾക്കായിട്ടാണ് പ്രസ്തുത ലോണുകൾ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും അതിനോട് അഫിലിയേറ്റ് ചെയ്ത 48 പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും കേരളത്തിൽ ഉണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ ആകെ നബാർഡിൽ 33.42 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ട്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും നിക്ഷേപം സ്വീകരിക്കുന്നില്ല.

(സി) പ്രസ്തുത ബാങ്കുകളിൽ എല്ലാം കൂടി 1,052,088 അംഗങ്ങൾ നിലവിലുണ്ട്.

(ഡി) വായ്പയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

വർഷം	കർഷകരുടെ എണ്ണം	വായ്പാ തുക (ലക്ഷത്തിൽ)
2001-02	762799	32182.46
2002-03	786756	29305.79
2003-04	800347	26998.52
2004-05	845076	33955.90

(ഇ) പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് ഹ്രസ്വകാല വായ്പയും ദീർഘകാല വായ്പയും ആണ് നൽകിയിട്ടുള്ളത്. ഇതിൽ വിദ്യാഭ്യാസം, ഭവന നിർമ്മാണം, വ്യവസായ വായ്പകൾ, സ്വർണ്ണപ്പണയ വായ്പ, വാഹന വായ്പ എന്നിവയും ഉൾപ്പെടുന്നു.

സഹകരണ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾ

105 [2974] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുക സർക്കാർ നീക്കിവച്ചെന്നും ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഇതിനകം എന്തു തുക ചെലവഴിച്ചു എന്നും ജില്ല തിരിച്ച കണക്ക് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദ വിവരം ചുവടെ ചേർക്കുന്നു:

1. കാർഷിക കടാശ്വാസം

കേരള കാർഷിക കടക്കാർ (തൽക്കാലികാശ്വാസ) നിയമം 2001-ൻ കീഴിൽ കർഷകർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തേയും പലിശയിളവ് ആനുകൂല്യവും ടി നിയമത്തിൻ കീഴിൽ വയനാട് ജില്ലയിലെ കർഷകർ 1-4-2001-ന് ശേഷം എടുത്തിട്ടുള്ള കാർഷിക വായ്പകളിൽ 50,000 രൂപ വരേയുള്ള തുകയ്ക്ക് അഞ്ച് വർഷത്തെ പലിശയിളവ് ആനുകൂല്യവും നൽകിയിട്ടുണ്ട്.

2. ജപ്തി നടപടി നിർത്തിവയ്ക്കൽ

കാർഷിക വായ്പകൾ ഈടാക്കുന്നതിന് ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമനടപടികളും 17-4-2004 മുതൽ ഒരു വർഷത്തേക്ക് നിർത്തിവയ്ക്കുകയുണ്ടായി.

3. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരുടെ കാർഷിക വായ്പകളിൻമേൽ ജപ്തി നടപടികൾ 3 (മൂന്ന്) മാസത്തേക്ക് നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

4. വായ്പ പരിവർത്തന പദ്ധതി

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള കാർഷികവായ്പകളിൽ 2003-2004-ൽ തിരിച്ചടയ്ക്കേണ്ടിയിരുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ മദ്ധ്യകാല വായ്പകളായും മദ്ധ്യകാല വായ്പകളുടെ തിരിച്ചടയ്ക്കാത്ത തവണകൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും 15-4-2004-ൽ നിർദ്ദേശം നൽകുകയും ആയതിന്റെ സമയപരിധി 31-1-2005-ന് അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ടി കാലയളവിൽ സഹകരണ സംഘങ്ങൾ 124.28 കോടി രൂപയുടെ വായ്പ പരിവർത്തനവും 59.14 കോടി രൂപയുടെ പുതിയ വായ്പകളും വിതരണം ചെയ്തിട്ടുണ്ട്.

5. കാർഷിക വായ്പകളുൾപ്പെടെയുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻ കീഴിൽ 31-3-2005-നകം കാർഷിക വായ്പകൾ 10%-നും കാർഷികേതര വായ്പകൾ 11%-നും അടച്ചുതീർക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

(ബി) 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമത്തിൻ കീഴിൽ 29-12-2001 മുതൽ 6 മാസത്തേയ്ക്കുള്ള പലിശയിളവായി 13,99,01,388 രൂപ ആനുകൂല്യം 19-3-2003-ൽ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതേ നിയമത്തിൻ കീഴിൽ 2006-ലെ പദ്ധതിയായി 23-1-2004 മുതൽ 22-1-2006 വരെയുള്ള പലിശയിളവായി സംഘങ്ങൾക്ക് നൽകുന്നതിനായി സർക്കാർ 25 കോടി രൂപ 31-3-2005-ൽ അനുവദിച്ച് ഉത്തരവാകുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമായിട്ടില്ല.

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[2-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 105 (2974)-ാം നമ്പർ ചോദ്യം കാണുക.]

കേരള കാർഷിക കടക്കാർ താൽക്കാലികാശ്വാസം—പലിശയിളവ് അനുവദിച്ചത് സംബന്ധിച്ച വിവരം

ക്രമ നമ്പർ	ജില്ല	അനുവദിച്ച തുക	
		19-3-2003-ൽ	31-3-2005-ൽ
(1)	(2)	(3)	(4)
1	തിരുവനന്തപുരം	80,23,560	2,03,62,185
2	കൊല്ലം	12,46,831	61,10,000
3	പത്തനംതിട്ട	1,08,744	22,75,000
4	ആലപ്പുഴ	33,84,799	41,35,000
5	കോട്ടയം	38,42,448	41,75,000
6	ഇടുക്കി	1,91,52,000	1,28,77,185
7	എറണാകുളം	12,37,210	29,25,000
8	തൃശ്ശൂർ	30,49,603	42,40,000
9	പാലക്കാട്	4,11,92,382	1,31,02,185
10	മലപ്പുറം	2,13,177	49,65,000
11	കോഴിക്കോട്	44,99,352	35,00,000
12	വയനാട്	3,37,35,029	15,00,00,000
13	കണ്ണൂർ	39,82,430	1,67,22,185
14	കാസർഗോഡ്	1,62,33,813	5,47,40,000
	ആകെ	13,99,01,383	25,08,58,740

അനുബന്ധം X

[2-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 108 (2977)-ാം നമ്പർ ചോദ്യം കാണുക.]

തിരുവനന്തപുരം:

1. തിരുവനന്തപുരം സഹകരണ അർബൻ ബാങ്ക് ജീവനക്കാരായ സർവ്വശ്രീ. റ്റി. എസ്. മാധവൻകുട്ടിനായർ, എസ്. അനിൽകുമാർ, ജനാർദ്ദനൻ നായർ, എന്നിവർക്കെതിരെ സ്വർണ്ണ പണയം സംബന്ധിച്ച അഴിമതിക്ക് ശിക്ഷണ നടപടികളും സംബന്ധിച്ച പരാതി—പരാതി തീർപ്പാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly